# പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 930** **20/03/2012 ൽ മറുപടിക്ക്**

## കാസർഗോഡ് ജില്ലയിലെ എസ്.എസ്.എ.യുടെ പ്രവർത്തനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : | | ശ്രീ. പി. കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | കാസർഗോഡ് ജില്ലയിലെ എസ്.എസ്.എ.യുടെ പ്രവർത്തനത്തിനായി 2011-12 വർഷത്തേക്ക് എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും ഏതെല്ലാം പ്രവർത്തനങ്ങൾക്കാണ് തുക ചെലവഴിക്കുന്നതെന്നും വിശദമാക്കാമോ; | എ) | കാസറഗോഡ് ജില്ലയിലെ എസ്.എസ്.എ.യുടെ പ്രവർത്തനത്തിനായി 2011-12 വർഷത്തേയ്ക്ക് 2252.87 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്കായാണ് തുക ചെലവഴിക്കുന്നത്. ബി.ആർ.സി, സി.ആർ.സി, സിവിൽ വർക്സ്, സൗജന്യപാഠപുസ്തകം, കമ്പ്യൂട്ടർ അധിഷ്ഠിത പഠനം, പെൺകുട്ടികളുടെ വിദ്യാഭ്യാസം, ആദ്യകാലശിശു വിദ്യാഭ്യാസവും പരിചരണവും, പട്ടികജാതി/ പട്ടികവർഗ്ഗ കുട്ടികളുടെ വിദ്യാഭ്യാസം, ന്യൂനപക്ഷ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസം, സംയോജിത വിദ്യാഭ്യാസ പദ്ധതി, മെയിന്റനൻസ് ഗ്രാന്റ്, മാനേജ്മെന്റും എം.ഐ.എസും, പഠനം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ, കമ്മ്യൂണിറ്റി മൊബിലൈസേഷൻ, ഗവേഷണവും മൂല്യനിർണ്ണയവും, സ്കൂൾ ഗ്രാന്റ്, അധ്യാപക ഗ്രാന്റ്, അധ്യാപക പരിശീലനം, കമ്മ്യൂണിറ്റി ട്രെയിനിംഗ് പ്രവർത്തനങ്ങൾ എന്നിവക്കായാണ് തുക ചെലവഴിക്കുന്നത്. |
| ബി) | ഇതുവരെ ഓരോ വിഭാഗത്തിലുമായി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ? | ബി) | 1007.03 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു |

സെക്ഷൻ ഓഫീസർ

അനുബന്ധം

| പ്രവർത്തനങ്ങൾ | ചെലവാക്കിയ തുക (ലക്ഷത്തിൽ) |
|---|---|
| ബി.ആർ.സി. | 99.35 |
| സി.ആർ.സി. | 154.94 |
| സിവിൽ വർക്സ് | 144.03 |
| സൗജന്യപാഠപുസ്തകം | 169.45 |
| കമ്പ്യൂട്ടർ അധിഷ്ഠിത പഠനം | 0.85 |
| പെൺകുട്ടികളുടെ വിദ്യാഭ്യാസം | 12.46 |
| ആദ്യകാലശിശുപരിചരണവും വിദ്യാഭ്യാസവും | 9.96 |
| പട്ടികജാതി/പട്ടികവർഗവിദ്യാർത്ഥികളുടെ വിദ്യാഭ്യാസവും | 11.77 |
| ന്യൂനപക്ഷ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസം | 9.41 |
| സംയോജിതവിദ്യാഭ്യാസ പദ്ധതി | 64.42 |
| മെയിന്റനൻസ് ഗ്രാന്റ് | 30.30 |
| മാനേജ്മെന്റ്, എം.ഐ.എസ്. | 61.31 |
| എൽ.ഇ.പി. | 10.34 |
| കമ്മ്യൂണിറ്റി മൊബിലൈസേഷൻ. | 7.42 |
| ഗവേഷണവും മൂല്യനിർണയവും | 5.83 |
| സ്കൂൾ ഗ്രാന്റ് | 39.70 |
| അധ്യാപകഗ്രാന്റ് | 28.23 |
| അധ്യാപകപരിശീലനം | 130.32 |
| കമ്മ്യൂണിറ്റി ട്രെയിനിംഗ് | 16.93 |
| ആകെ | 1007.03 |